**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4545** **19-07-2022 - ൽ മറുപടിയ്ക്ക്**

**വന്യജീവി ആക്രമണത്തിൽ ജീവഹാനി സംഭവിക്കുന്നവരുടെ ആശ്രിതർക്ക് നഷ്ടപരിഹാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വന്യജീവി ആക്രമണത്തിൽ ജീവഹാനി സംഭവിക്കുന്നവരുടെ ആശ്രിതർക്ക് നിലവിൽ എത്ര തുകയാണ് നഷ്ടപരിഹാരമായി അനുവദിക്കുന്നതെന്ന് അറിയിക്കാമോ; | (എ) | സർക്കാർ ഉത്തരവ് സ.ഉ.(കൈ) നം. 17/2018/വനം തീയതി 05.04.2018 പ്രകാരം വന്യജീവി ആക്രമണം മൂലം ജീവഹാനി സംഭവിക്കുന്ന വ്യക്തികളുടെ നിയമപരമായ അവകാശികൾക്ക് നിലവിൽ 10 ലക്ഷം രൂപ നഷ്ടപരിഹാരമായി അനുവദിച്ചു വരുന്നു. വനത്തിന് പുറത്ത് വച്ച് പാമ്പുകടിയേറ്റ് മരണം സംഭവിക്കുന്നവർക്ക് നഷ്ടപരിഹാരമായി 2 ലക്ഷം രൂപയും അനുവദിച്ച് വരുന്നുണ്ട്. |
| (ബി) | വന്യജീവികളുടെ ആക്രമണം മൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് അടിയന്തരമായി നഷ്ടപരിഹാരം നൽകുവാൻ ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (ബി) | വന്യജീവികളുടെ ആക്രമണം മൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് അടിയന്തരമായി നഷ്ടപരിഹാരം നൽകുന്നതിന് വേണ്ടി നിലവിൽ ഇ-ഡിസ്ട്രിക്ട് (http://edistrict.kerala.gov.in) എന്ന ഓൺലൈൻ പോർട്ടൽ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. |
| (സി) | ജനവാസ മേഖലകളിൽ വന്യജീവികളുടെ ആക്രമണം ഇല്ലാതാക്കുന്നതിന് പുതുതായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (സി) | മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി നിലവിലുള്ള സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതോടൊപ്പം ജനവാസ മേഖലകളിൽ വന്യജീവികളുടെ ആക്രമണം കുറക്കുന്നതിനു വേണ്ടി താഴെ പറയുന്ന നടപടികൾ വിഭാവനം ചെയ്തിട്ടുണ്ട്.<br><br>1. വന്യജീവികൾ മനുഷ്യരുടെ വാസ സ്ഥലങ്ങളിലേയ്ക്കും കൃഷിയിടങ്ങളിലേയ്ക്കും പ്രവേശിക്കുന്നത് തടയുന്നതിനായി പ്രതിരോധ സംവിധാനങ്ങൾ നിർമ്മിക്കുക.<br><br>2. മനുഷ്യനും-വന്യജീവികളും തമ്മിലുള്ള സംഘർഷം ഒഴിവാക്കുന്നതിന് മുൻകൂർ മുന്നറിയിപ്പ് സംവിധാനം, ഡ്രോണുകളുടെ ഉപയോഗം എന്നിവ അടക്കമുള്ള നൂതന മാർഗ്ഗങ്ങൾ നടപ്പിലാക്കുക.<br><br>3. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി ഫലപ്രദമായ അടിസ്ഥാന |

| | | | |
|---|---|---|---|
| | | | സൗകര്യങ്ങളും, മാനവ-വിഭവശേഷിയും വികസിപ്പിക്കുക.<br><br>4. വന്യജീവി മൂലമുള്ള നാശനഷ്ടത്തിന് നഷ്ടപരിഹാരം, വിള ഇൻഷ്വറൻസ്, ലൈഫ് ഇൻഷ്വറൻസ്, എക്സ്-ഗ്രേഷ്യ എന്നിവ നടപ്പിൽ വരുത്തുക.<br><br>5. ലൈൻ ഡിപ്പാർട്ട്മെൻറുകളുടെ സേവനം ഉപയോഗപ്പെടുത്തുക.<br><br>6. ജനപങ്കാളിത്തത്തോടെയുള്ള നടപടികൾ ശക്തിപ്പെടുത്തുക.<br><br>7. പുൽമേടുകളും ജലസ്രോതസുകളും ഉൾപ്പെടെയുള്ള ആവാസ വ്യവസ്ഥ മെച്ചപ്പെടുത്തി വനത്തിനുള്ളിൽ ഭക്ഷണവും വെള്ളവും ലഭ്യമാക്കുക.<br><br>8. സംഘർഷം കുറയ്ക്കുന്നതിന് ഉതകുന്ന അവബോധം സൃഷ്ടിക്കുന്നതിന് പരിശീലനങ്ങളും ഗവേഷണങ്ങളും നടത്തുക. |

സെക്ഷൻ ഓഫീസർ